I/68239/2022

<u>സാമൂഹിക നീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന ഐഎഎസ് )

ഉത്തരവ് നം. SJD/2239/2021-G4

തിരുവനന്തപുരം,
തീയതി. 23-11-2022

---

വിഷയം: സാമൂഹിക നീതി വകുപ്പ് - സായംപ്രഭാ ഭവനങ്ങൾക്ക് സാങ്കേതിക സഹായം നല്കുന്നതിനുള്ള പദ്ധതി -പ്രോപോസലുകൾ പരിശോധിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സ.ഉ.(സാ.ധ) 206/2022/SJD തീയതി 24.08.22

സാമൂഹികനീതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് സായംപ്രഭാ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തനങ്ങൾ ശാസ്ത്രീയമായും വയോജന സൗഹാർദ്ദപരമായും നടപ്പിലാക്കുന്നതിനുമായി ഈ മേഖലയിൽ പരിചയസമ്പത്തുള്ള ഒരു സ്ഥാപനത്തെ/സന്നദ്ധ സംഘടനയെ നിയോഗിക്കുന്നതിന് വകുപ്പ് തീരുമാനിക്കുകയും ഇതിനായുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സംഘടനകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് അനുയോജ്യമായ പ്രൊപ്പോസൽ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾക്കായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ സായംപ്രഭാ ഭവനങ്ങൾക്ക് സാങ്കേതിക നിർദ്ദേശങ്ങൾ നല്കുന്നതിനായി അനുയോജ്യരായ സംഘടനയെ കണ്ടെത്തുന്നതിനു സാമൂഹിക നീതി വകുപ്പ് ഡയറക്ടറുടെ ആധ്യക്ഷതയിൽ ചുവടെ ചേർത്തിട്ടുള്ളവർ അംഗങ്ങളായ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അഡീഷണൽ ഡയറക്ടർ, സാമൂഹിക നീതി വകുപ്പ് - മെമ്പർ കൺവീനർ

2.സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹിക നീതി വകുപ്പ്

3.അസിസ്റ്റന്റ് ഡയറക്ടർ (I&SC), സാമൂഹിക നീതി വകുപ്പ്

4.ശ്രീമതി.ബീനാ ജോർജ്ജ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ KSSM, മുൻ സൂപ്രണ്ട്, പുലയനാർകോട്ട ഗവ.വൃദ്ധ സദനം

M. ANJANA IAS
സാമൂഹികനീതി വകുപ്പ് ഡയറക്ടർ

ടെക്നിക്കൽ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും

<u>പകർപ്പ് :</u>

SJD/2239/2021-G4

I/68239/2022

1. സാമൂഹിക നീതി ഡയറക്ടറുടെ സി എ ക്ക്
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്